പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. 5578

**28.07.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## വിഷൻ- 2030 പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. തിലോത്തമൻ:** | | **ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** | |
| എ) | കിലയുടെ ആഭിമുഖ്യത്തിൽ എല്ലാ മണ്ഡലങ്ങളിലും നടപ്പിലാക്കുന്ന വിഷൻ-2030 പദ്ധതിയുടെ പ്രോജക്റ്റ് സമർപ്പണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഏതെല്ലാം മണ്ഡലങ്ങളിൽ പൂർത്തിയാക്കി; മറ്റ് മേഖലകളിൽ ഇതിന്റെ പുരോഗതി എന്ത്; | എ) | വിഷൻ 2030 പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി ആകെ 91 മണ്ഡലങ്ങളുടെ ശില്പശാല കിലയിൽ വച്ച് നടത്തിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധം- 1 ആയി ചേർക്കുന്നു). രണ്ടാം ഘട്ടത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനു വേണ്ടി 37 മണ്ഡലങ്ങളിൽ കോ-ഓർഡിനേറ്റർമാരെ നിയോഗിക്കുകയും അതിൽ 34 മണ്ഡലങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്.(ലിസ്റ്റ് അനുബന്ധം-2 ആയി ചേർക്കുന്നു). 15 മണ്ഡലങ്ങളിൽ വികസന സെമിനാർ നടത്തുകയും, കരട് റിപ്പോർട്ട് സമർപ്പിച്ച് ചർച്ച ചെയ്തിട്ടുള്ളതുമാണ്.(ലിസ്റ്റ് അനുബന്ധം-3 ആയി ചേർക്കുന്നു.) പല മണ്ഡലങ്ങളിലും പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| ബി) | വിഷൻ 2030 പ്രോജക്റ്റുമായി എല്ലാ വകുപ്പുകളും സഹകരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ആലോചനായോഗങ്ങളിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഹാജരാകാതെയും സഹകരിക്കാതെയും ഇരിക്കുന്ന വിവിധ ഓഫീസ് മേലധികാരികൾക്കെതിരെ എന്തെങ്കിലും അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | വിഷൻ 2030 പ്രോജക്റ്റുമായി എല്ലാ വകുപ്പുകളും സഹകരിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്ന് പ്രത്യേകം നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. |

സി) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പങ്കെടുക്കാതെയും പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ നൽകാതെയും വച്ച് താമസിപ്പിക്കുകയും ചെയ്യുന്ന സ്ഥാപന മേധാവികൾ നല്കാത്ത വിവരങ്ങൾ ശേഖരിക്കുന്നതിന് മാർഗമില്ലാത്തതിനാൽ അത്തരം വകുപ്പുകളുടെ വികസനവും ഭാവി പ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ വികസന രേഖയിൽ ഉൾപ്പെടുത്താനാവാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം വികസന രേഖയിൽ ഉൾപ്പെടാതെ പോകുന്നതുമൂലം ഭാവിയിലെ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ അത്തരം സ്ഥാപനങ്ങളിലും ആ വകുപ്പിലും ലഭിക്കാതെ പോയാൽ ഇപ്രകാരം വിവരങ്ങൾ നല്കാതെ നിസ്സഹകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

സി) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പങ്കെടുക്കാതെയും പദ്ധതി രൂപരേഖ തയ്യാറാക്കാതെയും വച്ച് താമസിപ്പിക്കുകയും ചെയ്യുന്ന സ്ഥാപന മേധാവികൾ നൽകാത്ത വിവരങ്ങൾ ശേഖരിക്കുന്നതിന് മാർഗ്ഗമില്ലാത്തതിനാൽ അത്തരം വകുപ്പുകളുടെ വികസനവും ഭാവിപ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ വികസനരേഖയിൽ ഉൾപ്പെടാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിലയുടെ പിന്തുണയോടെ പ്രവർത്തിക്കുന്ന കോ-ഓർഡിനേറ്ററുടെ സഹായത്തോടുകൂടി എം.എൽ.എ.യുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ വികസന റിപ്പോർട്ട് തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ